DESPATCHED
26/05/2020
28.2.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.1226(6)/2016**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.8033/എസ്.ഐ.സി-ജി 5/2016)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. എം.എ. പൂക്കോയ,
(സംസ്ഥാന കോ-ഓർഡിനേറ്റർ **NCPRI Kerala**)
വലിയമരം വാർഡ്, ആലപ്പുഴ-688 001
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. അപ്പീൽ അധികാരി &
ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ്
മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം-14

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.03.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.03.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.05.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.05.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.06.2016 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01.07.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.07.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 10.08.2016 |
| ഹിയറിംഗ് തീയതി & സ്ഥലം | 28.02.2020 & കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.എ. പൂക്കോയ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, രണ്ടാം എതിർകക്ഷി ബന്ധപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കുവാൻ ടിയാനോട് നിർദ്ദേശിച്ചത് നിയമ വിരുദ്ധമാണെന്നും നിശ്ചിത സമയ പരിധിക്കുള്ളിൽ രേഖകൾ ലഭിച്ചില്ലെങ്കിൽ ആയത് സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്നും രണ്ടാം എതിർകക്ഷി നൽകിയ പകർപ്പുകൾ ഓഫീസ് സീൽ പതിക്കാതെയുള്ളതാണെന്നും ടിയാന്റെ അപേക്ഷയിലെ 8,9 എന്നീ നമ്പരുകളിലായി ആവശ്യപ്പെട്ട രേഖകൾ ഇല്ലെന്ന കളവായ വിവരമാണ് നൽകിയിട്ടുള്ളത് എന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടറേറ്റിൽ നിന്നും എച്ച്. ആർ.എം.പി. –10634/15 നമ്പരായി 15.03.2016 തീയതി മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലെ, ശ്രീമതി. ഷീജ ആന്റണിയോടൊപ്പം നിയമിക്കപ്പെട്ട 10 പേരിൽ നിന്നും ഡയറക്ടർ ശേഖരിച്ച വിവരങ്ങളുടെ പകർപ്പുകൾ നൽകണമെന്നും

ii. ടി 10 പേരുടെ നിയമന ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

iii. ടി 10 പേർ എൻ.പി.എസ്. അംഗത്വം ലഭിക്കുന്നതിനു സമർപ്പിച്ച അപേക്ഷകളുടെ പകർപ്പുകൾ നൽകണമെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകൾ വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്തലിൽ നിന്നും ഒഴിവാക്കപ്പെട്ടവയല്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിലെ 6 മുതൽ 9 വരെയുള്ള ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകണമെന്നുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 26 രൂപ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും 8,9 എന്നീ

RIGHT TO INFORMATION

ഇനങ്ങളിൽ ഹർജിക്കാരൻ സൂചിപ്പിച്ചിട്ടുളളതുപോലെ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയോ ആയതിന് ശ്രീമതി. ഷീജാ ആന്റണി മറുപടി നൽകുകയോ ചെയ്തിട്ടില്ല എന്നാണ്. തുടർന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ഒന്നാം എതിർകക്ഷി അയച്ചു നൽകിയിട്ടുളളതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ ലഭിച്ച അവസരത്തിൽ ഫീസ് ഒടുക്കാൻ നിർദ്ദേശിച്ചത് പുതുതായി സമർപ്പിച്ച അപേക്ഷയാണെന്നു കരുതിയാണെന്നും കോപ്പികളിൽ ഓഫീസ് സീൽ പതിപ്പിക്കാതിരുന്നത് ഓഫീസിന്റെ ഭാഗത്തു നിന്നുണ്ടായ മനപൂർവ്വമല്ലാത്ത വീഴ്ചയാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ടിയാന് സീൽ പതിപ്പിച്ച് സൗജന്യമായി അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് രണ്ടാം എതിർകക്ഷി പൂർണമായി നൽകിയിട്ടുളളതായി കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp